[redacted]

KERALA BANK
Kerala State Co-operative Bank

# THE KERALA STATE CO-OPERATIVE BANK LTD.

(A Scheduled Bank)

COBANK TOWERS, VIKASBHAVAN P.O., PALAYAM, THIRUVANANTHAPURAM

## അപേക്ഷ ക്ഷണിക്കുന്നു

കൊല്ലം, വയനാട് ജില്ലകളിലെ കേരളാ ബാങ്ക് ശാഖകളിൽ നിലനിൽക്കുന്ന താത്കാലിക സെക്യൂരിറ്റി/നൈറ്റ് വാച്ച്മാൻമാരുടെ ഒഴിവുകളിലേക്കും, കൊല്ലം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിലനിൽക്കുന്ന ആംഡ് സെക്യൂരിറ്റി ഗാർഡ് മാരുടെ ഒഴിവുകളിലേക്കും കരാർ / ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും നിർദിഷ്ട ഫോറത്തിൽ അപേക്ഷ ക്ഷണിക്കുന്നു.

**യോഗ്യതാ മാനദണ്ഡങ്ങൾ / വ്യവസ്ഥകൾ**

നിയമനം ജില്ലാ തലത്തിലുള്ള ഒഴിവുകളിലേക്ക് തികച്ചും താല്ക്കാലികവും കരാർ / ദിവസ വേതന അടിസ്ഥാനത്തിലുമായിരിക്കും. അപേക്ഷകർ കുറഞ്ഞത് ഏഴാം ക്ലാസ്സ് യോഗ്യത ഉള്ളവരായിരിക്കണം. പ്രായം : 18–50 വയസ്സ്. അപേക്ഷകർ രാത്രി 8.00 മുതൽ രാവിലെ 6.00 വരെ ജോലി ചെയ്യുവാൻ തയ്യാറുള്ളവരായിരിക്കണം. അപേക്ഷകർ പൂർണ്ണ ശാരീരിക യോഗ്യത ഉള്ളവർ ആയിരിക്കണം. Medical fitness certificate ഹാജരാക്കേണ്ടതാണ്. ഇന്റർവ്യൂ, പോലീസ് വെരിഫിക്കേഷൻ/ക്ലിയറൻസ് എന്നിവയുടെ അടിസ്ഥാനനത്തിലായിരിക്കും നിയമനം. അപേക്ഷകർ ഒരു ജില്ലയിലേക്ക് മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ. നിയമനം ലഭിക്കുന്നവർ നിയമന ജില്ലയിലെ കേരള ബാങ്കിന്റെ ഏത് ശാഖയിലും ജോലി ചെയ്യുവാൻ സന്നദ്ധരായിരിക്കണം. സ്വന്തം ജില്ലയിൽ ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ആയുധം കൈകാര്യം ചെയ്യുന്നതിൽ പ്രാവീണ്യം നേടിയ / മിലിട്ടറി സേവനത്തിൽ നിന്നും വിരമിച്ചവർക്കും നേരിട്ടോ / എക്സ് സർവീസ് ലീഗ് വഴിയോ അപേക്ഷിക്കാവുന്നതാണ്. സെക്യൂരിറ്റി / വാച്ച്മാൻ ജോലിയിൽ മുൻപരിചയം ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ബാങ്ക് നിഷ്കർഷിക്കുന്ന എഗ്രിമെന്റ് വ്യവസ്ഥകൾ നിയമന സമയത്ത് നൽകേണ്ടതാണ്. നൈറ്റ് വാച്ച്മാൻമാരെ സംബന്ധിച്ച ബാങ്കിന്റെ എല്ലാ നിബന്ധനകളും പാലിക്കുവാൻ നിയമനം നേടുന്നയാൾ ബാധ്യസ്ഥനായിരിക്കും. അപേക്ഷ ഉള്ളടക്കം ചെയ്ത കവറിനു മുകളിൽ " Temporary appointment of Night Watchman in ............................... (ജില്ലയുടെ പേര്)" എന്ന് രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷ ഫോറം ബാങ്കിന്റെ website, റീജിയണൽ ഓഫീസ് / ജില്ലാ സിപിസി കളിൽ ലഭ്യമാണ്. കേരള ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ തയ്യാറാക്കിയ അപേക്ഷ ബാങ്കിന്റെ റീജിയണൽ ഓഫീസുകൾ / ജില്ലാ കേന്ദ്രങ്ങൾ (സിപിസി) എന്നിവിടങ്ങളിൽ **2026 ജനുവരി 28 വൈകുന്നേരം 5 മണിക്ക്** മുൻപായി സമർപ്പിക്കേണ്ടതാണ്. www.kerala.bank.in

14.01.2026
തിരുവനന്തപുരം

ഒപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ